അവർ സാദ്ധ്യമല്ലെന്നു പറഞ്ഞിരിക്കുകയാണ്. അത് പ്രത്യേകിച്ചും മി. പ്രഭാകരൻ ചോദിച്ചതുപോലെ, സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അരിയുടെ കച്ചവടം വേറെ നടത്തുന്നുണ്ട്. അപ്പോൾ അരിക്കച്ചവടം ചെയ്യുന്നവർക്ക് ഇത് നടത്താനുള്ള അർഹത നിയമപ്രകാരമില്ല. രണ്ടാമത്, ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പുതിയ നിർദ്ദേശം വച്ചു. ഡയാക്ട് ഡെലിവറി. അത് പ്രായോഗികമായിട്ട് സാദ്ധ്യമല്ലെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പറഞ്ഞിട്ടുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഈ വർഷത്തെ കേരള ബഡ്ജറിനെപ്പറ്റിയുള്ള വിവാദം

*50 [50] ശ്രീ. പി. സി. ജോർജ്ജ്:

,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേരളാ ബഡ്ജറ് മിച്ചമാണെന്നും അല്ലെന്നുമുള്ള വിവാദം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കമ്മിബഡ്ജറുള്ള കേരളത്തിൽ മിച്ച ബഡ്ജറ് ഉണ്ടാക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിലുള്ള വർദ്ധനവ് സംസ്ഥാന നികുതി പിരിവിലുണ്ടായ വർദ്ധനവ് ചിലവുകളിൽ വരുത്തിയ കർശനനിയന്ത്രണം ഇവയാണ് മിച്ചമുണ്ടായതിനുള്ള കാരണങ്ങൾ.

1986-87-ലെ കേരള ബഡ്ജറ്

*51 [51] ശ്രീ. പി. കുമാരൻ:

,, കെ. കെ. ബാലകൃഷ്ണൻ

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. ലോനപ്പൻ നമ്പാടൻ:

,, ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87 ലേക്കുള്ള കേരള ബഡ്ജറ് യഥാർത്ഥത്തിൽ കമ്മിബഡ്ജറ് ആണെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി ലോകസഭയിലും രാജ്യസഭയിലും രേഖാമൂലം നൽകിയ ഉത്തരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly